**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 48 — 29.06.2016- ൽ മറുപടിക്ക്

# സഹകരണ അപ്പക്സ് സംഘങ്ങളുടെ പ്രതിസന്ധി പരിഹരിക്കാനുള്ള പദ്ധതികൾ

**ചോദ്യം**
**ശ്രീ.സി.കൃഷ്ണൻ**
**,, എം. രാജഗോപാലൻ**
**,, കെ. കെ. രാമചന്ദ്രൻ നായർ**
**പ്രൊഫ.കെ.യു. അരുണൻ**

**മറുപടി**
ശ്രീ. എ.സി.മൊയ്തീൻ
(സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സഹകരണ അപ്പക്സ് സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ; | (എ) | ഉണ്ട്. സഹകരണ അപ്പക്സ് സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി സഹകരണ നിയമം വകുപ്പ് 64 പ്രകാരം നടത്തുന്ന വാർഷിക ആഡിറ്റിന്റെ ഭാഗമായി സഹകരണ അപ്പക്സ് സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തപ്പെടുന്നുണ്ട്. കൂടാതെ 17.12.2015 തീയതിയിൽ സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അപ്പക്സ് സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും പ്രസിഡന്റുമാരുടേയും യോഗം പ്രവർത്തനം വിലയിരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ പ്രായോഗികമായ ശുപാർശകൾ സർക്കാരിലേക്ക് സമർപ്പിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. അപ്പക്സ് സംഘങ്ങളുടെ ഭാരവാഹികളുടെ യോഗം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷയിൽ കൂടി ടി സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | വിവിധ മേഖലകളിലെ അപ്പക്സ് സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധികൾ എന്തെല്ലാമാണ്; | (ബി) | വായ്പാമേഖലയിലും വായ്പേതര മേഖലയിലും പ്രവർത്തിക്കുന്ന സഹകരണ അപ്പക്സ് സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധികൾ വിഭിന്നമാണ്. വായ്പ മേഖലയിൽ പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണ ബാങ്ക്, കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, ഹൗസ്ഫെഡ് എന്നിവ നേരിടുന്ന പ്രധാന പ്രതിസന്ധി വർദ്ധിച്ച വായ്പാകുടിശ്ശികയാണ്. വായ്പേതര മേഖലയിൽ പ്രവർത്തിക്കുന്ന അപ്പക്സ് സ്ഥാപനങ്ങൾ പ്രവർത്തനത്തിൽ മത്സരിക്കേണ്ടി വരുന്നത് വർദ്ധിച്ച നിരക്കിൽ ഫീസ് ഈടാക്കി പ്രവർത്തിക്കുന്ന സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങളുമായാണ്. കുറഞ്ഞ നിരക്കിൽ സേവനം നൽകുവാൻ ബാദ്ധ്യസ്ഥരായ സഹകരണ അപ്പക്സ് സ്ഥാപനങ്ങൾ സർക്കാരിലേക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും നൽകേണ്ട ഫീസുകളിലോ നികുതി നിരക്കുകളിലോ പ്രത്യേക ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ല. മൂലധന അപര്യാപ്തതയും വായ്പേതര മേഖലയിൽ പ്രവർത്തിക്കുന്ന അപ്പക്സ് സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധിയാണ്. ഭൂരിഭാഗം സ്ഥാപനങ്ങളും അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധി സാമ്പത്തിക അപര്യാപ്തതയാണെന്ന് കാണുന്നു. |
| (സി) | ഈ സംഘങ്ങളുടെ കീഴിലുള്ള അംഗസംഘങ്ങളിൽ എത്ര ശതമാനം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്; പ്രവർത്തന രഹിതമായത് എത്ര ശതമാനം ; | (സി) | <u>സംസ്ഥാന സഹകരണ ബാങ്ക്</u> -<br>നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 14 %<br>പ്രവർത്തനരഹിതമായവ - 0 %<br><br><u>കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്</u><br>നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 54 %<br>പ്രവർത്തനരഹിതമായവ - 0 % |

| | | | |
|---|---|---|---|
| | | | **ഹൗസ്ഫെഡ്**<br>നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 50 %<br>പ്രവർത്തനരഹിതമായവ - 2 %<br>**കൺസ്യൂമർഫെഡ്**<br>നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 76 %<br>പ്രവർത്തനരഹിതമായവ - 16 %<br><br>**റബ്ബർമാർക്ക്**<br>നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 90 %<br>പ്രവർത്തനരഹിതമായവ - 5 %<br><br>**മാർക്കറ്റ്ഫെഡ്**<br>നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 80 %<br>പ്രവർത്തനരഹിതമായവ - 12 %<br><br>**ഹോസ്പിറ്റൽ ഫെഡറേഷൻ**<br>നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 21 %<br>പ്രവർത്തനരഹിതമായവ - 0 %<br><br>**എസ്.സി/എസ്.റ്റി ഫെഡറേഷൻ**<br>നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 85 %<br>പ്രവർത്തനരഹിതമായവ - 56 %<br><br>**ടൂർഫെഡ്**<br>നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 45 %<br>പ്രവർത്തനരഹിതമായവ - 2 %<br><br>**വനിതാഫെഡ്**<br>നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 30 %<br>പ്രവർത്തനരഹിതമായവ - 12 %<br><br>**ലേബർഫെഡ്**<br>നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 80 %<br>പ്രവർത്തനരഹിതമായവ - 10 % |
| (ഡി) | അപ്പക്സ് സംഘങ്ങളുടെ പ്രതിസന്ധി പരിഹരിക്കാനായി എന്തൊക്കെ പദ്ധതികൾ ആവിഷ്കരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | അപ്പക്സ് സംഘങ്ങളുടെ പ്രതിസന്ധി പരിഹരിക്കാനായി ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, ഉൽപ്പാദനം വർദ്ധിപ്പിക്കൽ, ഈ-കോമേഴ്സ് ആരംഭിക്കുക, ജില്ലാ സഹകരണ ബാങ്കുകളുമായി സംയോജിപ്പിച്ച് സംസ്ഥാന സഹകരണ ബാങ്കിനെ |

| | | | |
|---|---|---|---|
| | | | കൂടുതൽ ശക്തിപ്പെടുത്തുക, വിവിധ സ്ഥാപനങ്ങളുടെ റിസോഴ്സുകളുടെ ഷെയറിംഗ് എന്നീ പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനും ക്രമവിരുദ്ധമായ നടപടികൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ